# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 07.07.2024**

### പ്രധാനവാർത്തകൾ

1. **മെഡിക്കൽ പ്രവേശനവുമായി ബന്ധപ്പെട്ട് പുതിയ പരീക്ഷ നടത്തണമെന്നതുൾപ്പെടെയുള്ള ഹർജികൾ സുപ്രീം കോടതി നാളെ പരിഗണിക്കും.**

2. **പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ റഷ്യ, ഓസ്ട്രിയ സന്ദർശനത്തിന് നാളെ തുടക്കമാകും. 22-ാമത് ഇന്ത്യ-റഷ്യ വാർഷിക ഉച്ചകോടിയിൽ പ്രധാനമന്ത്രി പങ്കെടുക്കും.**

3. **കെ.എസ്.ഇ.ബി ഓഫീസിൽ അക്രമം നടത്തിയെന്ന പേരിൽ വീട്ടിലെ വൈദ്യുതി കണക്ഷൻ വിച്ഛേദിച്ച കെ.എസ്.ഇ.ബിക്കെതിരെ മനുഷ്യാവകാശ കമ്മീഷൻ കേസെടുത്തു.**

4. **അവയവ മാറ്റ ശസ്ത്രക്രിയക്കായി കോഴിക്കോട് സംസ്ഥാന ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുമെന്ന് മന്ത്രി വീണ ജോർജ്.**

5. **ഇന്ത്യക്കെതിരായ ട്വന്റി-20 മത്സരത്തിൽ സിംബാബ്വെക്ക് 235 റൺസ് വിജയലക്ഷ്യം. ഇന്ത്യ-ദക്ഷിണാഫ്രിക്ക വനിതാ ട്വന്റി-20 അൽപസമയത്തിനകം ആരംഭിക്കും.**

*************************************

## എസ്‌സി-നീറ്റ്

രാജ്യത്തെ മെഡിക്കൽ പ്രവേശനവുമായി ബന്ധപ്പെട്ട് പുതിയ പരീക്ഷ നടത്തണമെന്നതുൾപ്പെടെയുള്ള ഹർജികൾ സുപ്രീം കോടതി നാളെ പരിഗണിക്കും. വിഷയം ഉൾപ്പെട്ട 26 ഹർജികളിൽ ചീഫ് ജസ്റ്റിസ് ഡി വൈ ചന്ദ്രചൂഡ്, ജസ്റ്റിസുമാരായ ജെ ബി പർദിവാല, മനോജ് മിശ്ര എന്നിവരടങ്ങിയ ബെഞ്ചിന് മുമ്പാകെ വാദം കേൾക്കും. നീറ്റ് ക്രമക്കേടുകളെ കുറിച്ച് പ്രത്യേകവും സ്വതന്ത്രവുമായ അന്വേഷണം വേണമെന്ന് വിദ്യാർഥികൾ സമർപ്പിച്ച ഹർജിയിൽ ആവശ്യപ്പെടുന്നു. അതിനിടെ പരീക്ഷയിൽ വലിയ തോതിലുള്ള ക്രമക്കേടുകൾ നടന്നതായി തെളിഞ്ഞിട്ടില്ലാത്തതിനാൽ നീറ്റ്-യുജി 2024 വീണ്ടും നടത്തേണ്ട ആവശ്യമില്ലെന്ന് കേന്ദ്രം സുപ്രീംകോടതിയിൽ സത്യവാങ്മൂലം നൽകിയിരുന്നു.

RNU TVPM

***************************************

## പ്രധാനമന്ത്രി - റഷ്യ, ഓസ്ട്രിയ

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ മൂന്ന് ദിവസത്തെ റഷ്യ, ഓസ്ട്രിയ സന്ദർശനത്തിന് നാളെ തുടക്കമാകും. സന്ദർശനത്തിന്റെ ആദ്യഘട്ടത്തിൽ മോസ്കോയിലെത്തുന്ന പ്രധാനമന്ത്രി 22-ാമത് ഇന്ത്യ-റഷ്യ വാർഷിക ഉച്ചകോടിയിൽ പങ്കെടുക്കും. തുടർന്ന് ചൊവ്വാഴ്ച പ്രധാനമന്ത്രി ഓസ്ട്രിയയിലെത്തും. 41 വർഷത്തിന് ശേഷം ഇതാദ്യമായാണ് ഒരു ഇന്ത്യൻ പ്രധാനമന്ത്രി ഓസ്ട്രിയ സന്ദർശിക്കുന്നത്.

***************************************

## പാർലമെൻറ് - ബജറ്റ് സമ്മേളനം

പാർലമെന്റിന്റെ ബജറ്റ് സമ്മേളനം ഈ മാസം 22 മുതൽ ആരംഭിക്കും. ഓഗസ്റ്റ് 12 വരെ സമ്മേളനം തുടരുമെന്ന് പാർലമെന്ററി കാര്യ മന്ത്രി കിരൺ റിജിജു സമൂഹമാധ്യമക്കുറിപ്പിൽ അറിയിച്ചു. 2024-25 ലെ കേന്ദ്ര ബജറ്റ് ജൂലൈ 23ന് ലോക്സഭയിൽ അവതരിപ്പിക്കുമെന്നും അദ്ദേഹം പറഞ്ഞു.

*************************************

## കെ.എസ്.ഇ.ബി

കോഴിക്കോട് തിരുവമ്പാടി കെ എസ് ഇ ബി ഓഫീസിൽ അക്രമം നടത്തിയെന്ന പേരിൽ യുവാവിന്റെ വീട്ടിലെ വൈദ്യുതി കണക്ഷൻ വിച്ഛേദിച്ച കെ എസ് ഇ ബി ക്കെതിരെ മനുഷ്യാവകാശ കമ്മീഷൻ കേസെടുത്തു. ഇത് സംബന്ധിച്ച പരാതിയിൽ കെ. എസ്. ഇ ബി എക്സിക്യൂട്ടീവ് എഞ്ചിനീയർ പരിശോധന നടത്തി 7 ദിവസത്തിനകം റിപ്പോർട്ട് സമർപ്പിക്കാനും കമ്മീഷൻ ആവശ്യപ്പെട്ടു. തിരുവമ്പാടി സ്വദേശി യു.സി. അജ്മൽ ഉള്ളാട്ടിൽ എന്ന യുവാവിന്റെ വീട്ടിലെ കണക്ഷനാണ് കെ എസ് ഇ ബി വിഛേദിച്ചത്. ബിൽ ഓൺലൈനായി അടച്ചിട്ടും കണക്ഷൻ വിഛേദിച്ചതാണ് പരാതിക്ക് ഇടയായത് . മാധ്യമ വാർത്തകളുടെ അടിസ്ഥാനത്തിൽ സ്വമേധയാ രജിസ്റ്റർ ചെയ്ത കേസിലാണ് കമ്മീഷൻ നടപടി. അതിനിടെ കെ എസ് ഇ ബി ജീവനക്കാർക്കോ ഓഫീസിനോ എതിരെ ഇനി ആക്രമണമുണ്ടാകില്ല എന്ന് യുവാവിന്റെ ഭാഗത്തു നിന്ന് ഉറപ്പ് ലഭിച്ചാൽ വൈദ്യുതി കണക്ഷൻ പുനഃസ്ഥാപിക്കാൻ വകുപ്പ് മന്ത്രി നിർദ്ദേശം നൽകിയതായി കെ എസ് ഇ ബി ചെയർമാൻ അറിയിച്ചു. എന്നാൽ ഇപ്പോൾ നടത്തിയ ആക്രമണത്തിൽ നിയമനടപടികളുമായി മുന്നോട്ടുപോകുമെന്നും ചെയർമാൻ പറഞ്ഞു.

RNU TVPM

************************************

## കോഴിക്കോട് ഇൻസ്റ്റിറ്റ്യൂട്ട് - വീണാ ജോർജ്ജ്

അവയവ മാറ്റ ശസ്ത്രക്രിയക്കായി കോഴിക്കോട് സംസ്ഥാന ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുമെന്ന് ആരോഗ്യ മന്ത്രി വീണ ജോർജ് പറഞ്ഞു. ഇതിനായി 463 കോടി രൂപ ചെലവഴിക്കും. തിരൂരങ്ങാടി എം കെ ഹാജി ഓർഫനേജ് ആശുപത്രിയിലെ വിവിധ നവീകരണ പ്രവൃത്തികളുടെ ഉദ്ഘാടനം നിർവ്വഹിക്കുകയായിരുന്നു മന്ത്രി.

************************************

## മാവേലി സ്റ്റോർ - ജി ആർ അനിൽ

RIJU TVPM

സപ്ലൈകോയുടെ അമ്പതാം വാർഷികം പ്രമാണിച്ച് കേരളത്തിൽ പുതിയ 50 മാവേലി സ്റ്റോറുകൾ ആരംഭിക്കുമെന്ന് മന്ത്രി ജി.ആർ അനിൽ. കാസർഗോഡ് പുതുക്കൈ ചേടി റോഡ് മാവേലി സ്റ്റോറിന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി. പൊതുവിപണിയിൽ വിലക്കയറ്റം പിടിച്ചു നിർത്തുന്നതിന് സപ്ലൈകോയുടെ പ്രവർത്തനങ്ങൾ സഹായിക്കുന്നുണ്ടെന്ന് അദ്ദേഹം പറഞ്ഞു.

************************************

## ടൂറിസ വികസനം - സുരേഷ് ഗോപി

കേരളത്തിന് ടൂറിസം വികസനത്തിൽ വളരെ വലിയ സാധ്യതകളാണ് ഉള്ളതെന്നും അത് ശരിയായി ഉപയോഗിക്കാൻ നാളിതുവരെ കഴിഞ്ഞിട്ടില്ലെന്നും കേന്ദ്ര ടൂറിസം സഹമന്ത്രി സുരേഷ് ഗോപി. കേരള ടൂറിസം ഡെവലപ്മെന്റ് അസോസിയേഷൻ ഭാരവാഹികളുമായി

സംസാരിക്കുകയായിരുന്നു അദ്ദേഹം. ആത്മീയ ടൂറിസം മേഖലയ്ക്ക് വളരെ വലിയ സാധ്യതകളാണുള്ളത്. ഈ രംഗത്തെ സാധ്യതകൾ കേരളത്തിലും ദക്ഷിണേന്ത്യയിലും രൂപപ്പെടുത്തി അന്തർദേശീയ തലത്തിലേക്കെത്തിക്കാൻ ടൂർ ഓപ്പറേറ്റർമാർ തയ്യാറാകണമെന്നും അദ്ദേഹം പറഞ്ഞു.

************************************

## പി എ മുഹമ്മദ് റിയാസ്

ഓഫ്റോഡ് മത്സരങ്ങൾ കേരളത്തിലേക്ക് വന്നാൽ വിനോദസഞ്ചാര മേഖലയ്ക്ക് ഗുണകരമാകുമെന്ന് മന്ത്രി പി എ മുഹമ്മദ് റിയാസ്. കോഴിക്കോട് കോടഞ്ചേരിയിലെ പുലിക്കയത്ത് അന്താരാഷ്ട്ര കയാക്കിങ് ഫെസിലിറ്റേഷൻ കേന്ദ്രത്തിന്റെ പ്രവർത്തനോദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. ഓഫ്റോഡ് ചാമ്പ്യൻഷിപ്പുകൾ നടത്താൻ സൗകര്യങ്ങൾ ഏർപ്പെടുത്തിയാൽ സംസ്ഥാനത്തിന് പുറത്ത് നിന്നും ആളുകൾ എത്തുമെന്നും മന്ത്രി പറഞ്ഞു. ഫെസിലിറ്റേഷൻ കേന്ദ്രത്തിൽ വിദഗ്ധ പരിശീലകരുടെ നേതൃത്വത്തിൽ വൈറ്റ് വാട്ടർ കയാക്കിങ്, റാഫ്റ്റിങ്, റെസ്ക്യൂ എന്നിവയിലും പാക്ക് റാഫ്റ്റിങ്ങിലും ക്രാഷ് പരിശീലന കോഴ്സുകൾ നൽകും.

************************************

## മനുഷ്യാവകാശ കമ്മീഷൻ

ക്രിക്കറ്റ് പരിശീലനത്തിനെത്തുന്ന പ്രായപൂർത്തിയാകാത്ത പെൺകുട്ടികളെ കോച്ച് പീഡിപ്പിച്ച സംഭവത്തിൽ മനുഷ്യാവകാശ കമ്മീഷൻ കേസെടുത്തു. ഇത്തരം ഒരു സംഭവം ഉണ്ടാകാനിടയായ സാഹചര്യത്തിന്റെ വിശദീകരണം ആവശ്യപ്പെട്ട് കേരള ക്രിക്കറ്റ്

RNI TVPM

അസോസിയേഷന് കമ്മീഷൻ നോട്ടീസ് അയച്ചു. പീഡന കേസിൽ പ്രതിയായ കോച്ച് മനു കഴിഞ്ഞ 10 വർഷമായി കെ.സി എ യിൽ കോച്ചാണ്. ഇയാൾ പോക്സോ കേസിൽ പ്രതിയായി റിമാന്റിലാണ്. മാധ്യമ വാർത്തയുടെ അടിസ്ഥാനത്തിൽ കമ്മീഷൻ സ്വമേധയാ രജിസ്റ്റർ ചെയ്ത കേസിലാണ് നടപടി.

**************************************

## തുരീയം സംഗീതോത്സവം - ഇൻട്രോ

സംഗീത ആസ്വാദകരെ ആനന്ദ നിർവൃതിയിലാഴ്ത്തിക്കൊണ്ട് 41 നാൾ നീണ്ടുനിന്ന തുരീയം സംഗീതോത്സവം ഇന്ന് സമാപിക്കും. സമാപന സമ്മേളനം ഗോവ ഗവർണർ പി.എസ്.ശ്രീധരൻപിള്ള ഉദ്ഘാടനം ചെയ്യും.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ...**

(വോയ്സ്)

**************************************

## മുതലപ്പൊഴി- മുസ്‌ലിം ലീഗ്

തിരുവനന്തപുരം മുതലപ്പൊഴി ഹാർബറിൻറെ അശാസ്ത്രീയ നിർമ്മാണം മൂലം തൊഴിൽ നഷ്ടപ്പെടുന്ന മത്സ്യതൊഴിലാളികൾക്ക് പ്രത്യേക സാമ്പത്തിക പാക്കേജ് കൂടി അനുവദിക്കണമെന്ന് മുസ്ലിം ലീഗ് പെരുമാതുറ മേഖല പ്രവർത്തകസമിതി യോഗം പ്രമേയത്തിലൂടെ സർക്കാറിനോട് ആവശ്യപ്പെട്ടു. അപകടങ്ങളിൽ നിരവധി പേർക്ക് ജീവൻ നഷ്ടപ്പെട്ട സാഹചര്യത്തിൽ ഭൂരിഭാഗം വള്ളങ്ങളും തൊഴിലാളികളും ഇപ്പോൾ നീണ്ടകര, വിഴിഞ്ഞം ഹാർബറുകളെയാണ് ആശ്രയിക്കുന്നത്. ഇതുകാരണം

RNUTVPM

തൊഴിലാളികൾ അധിക ബാധ്യതയും സാമ്പത്തിക പ്രയാസങ്ങളും നേരിടുകയാണെന്നും അതിനാൽ ഇവർക്കായി പ്രത്യേക സാമ്പത്തിക പാക്കേജ് പ്രഖ്യാപിക്കണമെന്നുമാണ് പ്രമേയത്തിലെ ആവശ്യം.

***********************************

## പണ്ടാരം ഭൂമി - ലക്ഷദ്വീപ്

ലക്ഷദ്വീപ് അഡ്മിനിസ്ട്രേഷൻ, 5 ദ്വീപുകളിലെ പണ്ടാരം ഭൂമി ഏറ്റെടുക്കുന്ന നയങ്ങളിൽ നിന്നും പിൻമാറണമെന്ന് ലക്ഷദ്വിപ് ഘടകം ബി.ജെ.പി പ്രസിഡൻറ് കെ. എൻ കാസിമിക്കോയ. വിഷയത്തിൻറെ ഗൗരവം കേന്ദ്ര സർക്കാറിനെ അറിയിക്കുന്നതിനായി രാഷ്ട്രപതി, പ്രധാന മന്ത്രി, ആഭ്യന്തര മന്ത്രി എന്നിവരെ സന്ദർശിക്കുമെന്നും ദ്വീപ് നിവാസികളുടെ ആശങ്ക പരിഹരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെടുമെന്നും അദ്ദേഹം വ്യക്തമാക്കി.

RNU TVPM

***********************************

## നബാർഡ്

നബാർഡ് നടപ്പിലാക്കുന്ന സംയോജിത പട്ടിക വർഗ വികസന പരിപാടിക്ക് തിങ്കളാഴ്ച കൊല്ലത്ത് തുടക്കമാകും. കുളത്തൂപ്പുഴ കടമാൻകോട് മഹാദേവ ക്ഷേത്ര ഓഡിറ്റോറിയത്തിൽ നടക്കുന്ന ചടങ്ങിൽ നബാർഡ് ചീഫ് ജനറൽ മാനേജർ ബൈജു എൻ കുറുപ്പ് പരിപാടി ഉദ്ഘാടനം ചെയ്യും. എട്ട് ഊരുകളിലായി താമസിക്കുന്ന 413 കുടുംബങ്ങളുടെ സുസ്ഥിരമായ ഉപജീവനമാർഗവും കാർഷിക പുരോഗതിയും ലക്ഷ്യമിട്ടാണ് അഞ്ച് വർഷം നീളുന്ന വികസന പരിപാടി ആവിഷ്കരിച്ചിരിക്കുന്നത്.

പരിസ്ഥിതി സംരക്ഷണ സംഘടനയായ തണൽ ആണ് പദ്ധതി നടപ്പിലാക്കുന്നത്.

**************************************

## ട്വന്റി-20

ഇന്ത്യക്ക് എതിരായ രണ്ടാം ട്വന്റി-20 ക്രിക്കറ്റ് മത്സരത്തിൽ സിംബാബ് വെക്ക് 235 റൺസ് വിജയലക്ഷ്യം. ടോസ് നേടി ആദ്യം ബാറ്റ് ചെയ്ത ഇന്ത്യ 20 ഓവറിൽ 2 വിക്കറ്റ് നഷ്ടത്തിൽ 234 റൺസെടുത്തു. ഇന്ത്യക്കായി ഓപ്പണർ അഭിഷേക് ശർമ്മ സെഞ്ച്വറി നേടി. ഒടുവിൽ റിപ്പോർട്ട് ലഭിക്കുമ്പോൾ സിംബാബ് വെ 3.2 ഓവറിൽ 3 വിക്കറ്റ് നഷ്ടത്തിൽ 41 റൺസ് എടുത്തിട്ടുണ്ട്.

RNU TVPM

**************************************

## വനിതാ ട്വന്റി-20

ദക്ഷിണാഫ്രിക്കയ്ക്ക് എതിരായ രണ്ടാം വനിതാ ട്വന്റി-20 ക്രിക്കറ്റ് മത്സരത്തിൽ ടോസ് നേടിയ ഇന്ത്യ ഫീൽഡിംഗ് തെരഞ്ഞെടുത്തു. ആദ്യ മത്സരത്തിൽ ദക്ഷിണാഫ്രിക്ക വിജയിച്ചിരുന്നു. മൂന്ന് മത്സരങ്ങളാണ് പരമ്പരയിലുള്ളത്.

**************************************

## കോപ്പ അമേരിക്ക

കോപ്പ അമേരിക്ക ഫുട്ബോളിൽ ഉറുഗ്വെയും കൊളംബിയയും സെമി ഫൈനലിൽ പ്രവേശിച്ചു. ഇന്ന് രാവിലെ നടന്ന മത്സരത്തിൽ പെനാൽറ്റി ഷൂട്ടൗട്ടിൽ 4-2 ന് ബ്രസീലിനെ തോൽപ്പിച്ചാണ് ഉറുഗ്വെ സെമിയിൽ എത്തിയത്. പനാമയെ എതിരില്ലാത്ത അഞ്ച് ഗോളുകൾക്ക്

തകർത്താണ് കൊളംബിയയുടെ സെമി പ്രവേശം. ബുധനാഴ്ച നടക്കുന്ന ആദ്യ സെമിയിൽ അർജന്റീനയും കാനഡയും ഏറ്റുമുട്ടും. കൊളംബിയ- ഉറുഗ്വെ സെമി പോരാട്ടം വ്യാഴാഴ്ച നടക്കും.

***********************************

## സ്വച്ഛതാ പഖ്വാടാ പദ്ധതി

ദേശീയ സ്വച്ഛ ഭാരത് മിഷന്റെ ഭാഗമായുള്ള സ്വച്ഛതാ പഖ്വാടാ പദ്ധതിക്ക് കൊല്ലത്ത് തുടക്കമായി. ഇന്ത്യൻ ഓയിലിന്റെ നേതൃത്വത്തിലുള്ള പരിപാടി കൊല്ലം എൻസിസി ആസ്ഥാനത്ത് നടന്ന ചടങ്ങിൽ കേന്ദ്ര പെട്രോളിയം സഹമന്ത്രി സുരേഷ് ഗോപി ഉൽഘാടനം ചെയ്തു.

*****************************************************

***********************************

*********************

RNU TVPM